# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4977 22.05.2017 -ൽ മറുപടിക്ക്

### മലയാളം നിർബന്ധിത ഭാഷയാക്കാനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | 2017-18 അദ്ധ്യയന വർഷത്തിൽ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കാനുള്ള നടപടിയുടെ പൂർത്തീകരണം ഏതു ഘട്ടത്തിലാണെന്ന് വിവരിക്കാമോ? | എ | 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത പാഠ്യഭാഷയാക്കി നിശ്ചയിച്ച് 10.04.2017 ന് 705-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച ബിൽ [2017- ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ ] 28.04.2017 ന് നിയമസഭയിൽ അവതരിപ്പിക്കുകയും അത് 17.05.2017 ന് ചേർന്ന സബ്ജക്ട് കമ്മിറ്റിയോഗത്തിൽ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 അദ്ധ്യയനവർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കുക, സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ, പരോക്ഷമായോ നിരോധനം ഏർപ്പെടുത്തുന്നത് വിലക്കുക, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയ |

| | | | |
|---|---|---|---|
| | | | ങ്ങൾക്ക് നിരാക്ഷേപ പത്രം നൽകു മ്പോഴും അൺഎയ്ഡഡ് സ്കൂളുക ൾക്ക് അംഗീകാരം നൽകുമ്പോഴും മലയാളഭാഷാ പഠനം നിർബന്ധമാ ക്കുന്ന വ്യവസ്ഥകൾ വയ്ക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ഈ ബില്ലിനുള്ളത്. മേൽ വ്യവസ്ഥകൾ ലംഘിക്കുന്ന പ്രഥമാദ്ധ്യാപകർക്ക് പിഴശിക്ഷ ചുമത്താനും സി.ബി. എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുക ൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപ പത്രം പിൻവലിക്കാനും, , അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം പിൻവലിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ